<u>പതിമൂന്നാം കേരള നിയമസഭ</u>

<u>പന്ത്രണ്ടാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.1184

04-12-2014-ൽ
മറുപടിയ്ക്ക്

## <u>മലബാർ മേഖലയിലെ എഞ്ചിനീയറിംഗ് കോളേജുകൾ</u>

| <u>ചോദ്യം</u><br>ഡോ.കെ.ടി.ജലീൽ | <u>ഉത്തരം</u><br>ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) മലബാർ മേഖലയിലെ ജില്ലകളിൽ എത്ര എഞ്ചിനീയറിംഗ് കോളേജുകൾ പ്രവർത്തിച്ചുവരുന്നു; അവയുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കാമോ; | (എ) മലബാർ മേഖലയിലെ ജില്ലകളിൽ 48 എഞ്ചിനീയറിംഗ് കോളേജുകൾ പ്രവർത്തിച്ചുവരുന്നു. അവയിൽ കോഴിക്കോട് ജില്ലയിൽ 6 എണ്ണവും, കണ്ണൂർ ജില്ലയിൽ 7 എണ്ണവും, കാസർഗോഡ് ജില്ലയിൽ 5 എണ്ണവും മലപ്പുറം ജില്ലയിൽ 5 എണ്ണവും, പാലക്കാട് ജില്ലയിൽ 9 എണ്ണവും, തൃശ്ശൂർ ജില്ലയിൽ 15 എണ്ണവും, വയനാട് ജില്ലയിൽ ഒരെണ്ണവും പ്രവർത്തിച്ചുവരുന്നു. |
| (ബി) പ്രസ്തുത കോളേജുകളിൽ മൊത്തം എത്ര വിദ്യാർത്ഥികളെ 2014-15-ൽ പ്രവേശിപ്പിച്ചിട്ടുണ്ട്; അതിൽ ഏതെല്ലാം വിഷയങ്ങളിൽ എത്ര വീതം വിദ്യാർത്ഥികൾ പഠനം നടത്തിവരുന്നുയെന്ന് വ്യക്തമാക്കാമോ; | (ബി) മലബാർ മേഖലയിലെ ജില്ലകളിൽ പ്രവർത്തിച്ചു വരുന്ന എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തിയ വിദ്യാർത്ഥികളുടെ എണ്ണം സംബന്ധിച്ച വിശദമായ ലിസ്റ്റ് അനുബന്ധം ആയി ചേർത്തിട്ടുണ്ട്. |
| (സി) 2014-15 വർഷത്തിൽ കോഴ്സ് പൂർത്തിയാക്കി വിജയം കൈവരിച്ചവർ എത്ര; വ്യത്യസ്ത വിഷയങ്ങളിൽ കോഴ്സുകളുടെ അടിസ്ഥാനത്തിൽ മൊത്തം കണക്കുകൾ വിശദമാക്കാമോ; ഇതിൽ ക്യാമ്പസ് സെലക്ഷൻ ലഭിച്ചവർ എത്ര പേരാണെന്ന് വിശദമാക്കുമോ? | (സി) 2014-15 വർഷത്തെ കോഴ്സ് പൂർത്തിയായിട്ടില്ല എന്ന് സർവ്വകലാശാല രജിസ്ട്രാർമാർ അറിയിച്ചിട്ടുണ്ട്. 2014-15 അദ്ധ്യായന വർഷത്തിൽ കുസാറ്റിൽ ഇതുവരെ ക്യാമ്പസ് സെലക്ഷൻ കിട്ടിയവരുടെ എണ്ണം 210 ആണ്. കണ്ണൂർ, കാലിക്കറ്റ് സർവ്വകലാശാലകളുടെ കീഴിൽ വരുന്ന കോളേജുകളിൽ ക്യാമ്പസ് സെലക്ഷൻ കിട്ടിയ വിദ്യാർത്ഥികളുടെ വിവരം സർവ്വകലാശാലകളിൽ ലഭ്യമല്ല എന്ന് രജിസ്ട്രാർമാർ അറിയിച്ചിട്ടുണ്ട്. |

...ൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ